
# മുംബൈ ഭീകരാക്രമണത്തിൽനിന്നും ഉത്ഭവിക്കുന്ന ചോദ്യങ്ങൾ

മഹിപാൽ സിംഗ്

പരിഭാഷ : കെ.എം. വേണുഗോപാലൻ



കഴിഞ്ഞ നവംബർ 26ന് പാക്കിസ്ഥാനിലെ താവളങ്ങളിൽനിന്ന് പരിശീലനം ലഭിച്ചവരും പാക്ക് സിവിലിയൻ ഗവൺമെൻറിൽനിന്നും പരോക്ഷവും പാക്ക് സൈന്യത്തിലെ ഒരു ഘടകമായ ISIയിൽനിന്നും ഏറെക്കുറെ പ്രത്യക്ഷവുമായ പിന്തുണ ലഭിക്കുന്നവരുമായ ഭീകരർ ഒട്ടേറെ ചോദ്യങ്ങൾ ഉയർത്തിവിട്ടിരിക്കുകയാണ്. ഈ ചോദ്യങ്ങൾക്ക് മതിയായ ഉത്തരം കണ്ടെത്തുവാൻ കഴിയുന്നില്ലെങ്കിൽ ഇതുപോലുള്ള സംഭവങ്ങൾ ഭാവിയിലും ആവർത്തിക്കാനുള്ള സാധ്യത നിലനിൽക്കുന്നു. ആദ്യത്തെ ചോദ്യം നമ്മുടെ രാഷ്ട്രീയവർഗ്ഗങ്ങൾക്ക് എല്ലാത്തരത്തിലുള്ള ഭീകരാക്രമണങ്ങളും അവസാനിപ്പിക്കുന്നതിൽ ശരിക്കും താൽപ്പര്യം ഉണ്ടോ എന്നതാണ്. ഓരോ തവണയും നിരപരാധികളുടെ ജീവൻ അപഹരിക്കപ്പെടുമ്പോൾ ഇത്തരം സംഭവങ്ങൾക്കെതിരെയുള്ള നടപടികൾ കാര്യക്ഷമമായും സുതാര്യതയോടെയും മുന്നോട്ടു നീക്കുന്നതിൽ ഒന്നോ രണ്ടോ ചുവടെങ്കിലും മുന്നിലെത്താൻ അവർക്ക് സാധിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നത് നന്നായിരിക്കും.

അതിർത്തിക്കപ്പുറത്തുള്ള പാക് ഭീകരത്താവളങ്ങൾ ഒരു സൈനിക ആക്രമണത്തിലൂടെ തുടച്ചുനീക്കുകയാണ് വേണ്ടതെന്ന് ഒരു കൂട്ടർ. ഇന്ത്യൻ വിദേശകാര്യമന്ത്രിതന്നെ ഒന്നിലധികം തവണ അത് പ്രായോഗികമല്ലെന്ന് സമ്മതിച്ചു കഴിഞ്ഞിട്ടും രാഷ്ട്രീയ ജയമാനന്മാരിലൊരു വിഭാഗം ഈ ആവശ്യം തുടർന്നും ഉന്നയിക്കുന്നുണ്ട്. 2001 സപ്തംബർ 11ന് ലോകവ്യാപാരകേന്ദ്രത്തിൽ ഭീകരാക്രമണം നടന്നശേഷം ഉസാമാ ബിൻലാദനെയും കൂട്ടാളികളെയും തകർക്കാൻ യു.എസ്. നടത്തുന്ന സൈനിക നടപടികൾപോലും ഇനിയും വിജയിച്ചിട്ടില്ലെന്നിരിക്കേ, ഇന്ത്യയ്ക്ക് എങ്ങനെയാണ് അതിർത്തി കടന്നാക്രമിച്ച് മുംബൈ ഭീകരാക്രമണം നടത്തിയവരെയും സഹായികളെയും കീഴ്പ്പെടുത്താൻ കഴിയുക? അത് ഇനിയും ഒട്ടേറെ നിരപരാധികളുടെ ജീവൻ അപഹരിക്കാനും ഇപ്പോൾത്തന്നെ വളരെ മോശമായ നിലയിലുള്ള ഉഭയകക്ഷി ബന്ധങ്ങൾ കൂടുതൽ വഷളാക്കുകയും ചെയ്യുകയില്ലേ? ആണവായുധങ്ങൾ സമ്പാദിക്കുന്നതിനെ ന്യായീകരിക്കുന്നവർ മനസ്സിലേക്കേണ്ട ഒരു കാര്യം ആണവായുധങ്ങൾ പ്രയോഗിക്കപ്പെട്ടാലും ഇല്ലെങ്കിലും അവ കൊണ്ട് ഒരിയ്ക്കലും സമാധാനം നിലനിർത്താനാവില്ല എന്നാണ്. ഇരു രാജ്യങ്ങളുടേയും പക്കൽ ആണവായുധങ്ങൾ ഉണ്ടാവുമ്പോൾ ഏതെങ്കിലും ഒന്നിന് മറ്റേതിന്റെമേൽ സൈനികമായ മേധാവിത്വം അവകാശപ്പെടാൻ പോലും കഴിയുകയില്ല. അതിനാൽ, യുദ്ധത്തിനുവേണ്ടിയുള്ള പ്രചാരണങ്ങളുടെ മുറവിളികളും അതുപോലെ സൈനികവൽക്കരണത്തിന് ആക്കം കൂട്ടാനുള്ള ആവശ്യങ്ങളും ഒരു പ്രശ്നത്തിൽ പരിഹാര

മാവുകയില്ല.

മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യസേവനങ്ങൾ, കൂടുതൽ തൊഴിലവസരങ്ങൾ എന്നിവ സൃഷ്ടിക്കുന്നതിലൂടെ ജനങ്ങൾക്കിടയിൽ പടരുന്ന അസംതൃപ്തി ഇല്ലാതാക്കുവാൻവേണ്ടിയുള്ള വിഭവവിനിയോഗസാധ്യത തടയുകയാണ് ആത്യന്തികമായി അവയുടെ പരിണിതഫലം.

ദീർഘകാലാടിസ്ഥാനത്തിൽ, പാക്കിസ്ഥാനുമേൽ ഭീകരാക്രമണങ്ങൾക്കുള്ള പിന്തുണ തടയാനുള്ള സമ്മർദ്ദം സൃഷ്ടിക്കാൻ അനേകം രാജ്യങ്ങൾ ഇന്ത്യയെ പിന്തുണച്ചിട്ടുണ്ട്. എന്നാൽ മുംബൈ ഭീകരാക്രമണത്തിനുശേഷം ഇന്ത്യ കൈക്കൊണ്ട നടപടികൾ പലതും സന്ദർഭോചിതമായിരുന്നില്ല. തുടക്കം തൊട്ടേ ഇന്ത്യയുടെ വിദേശകാര്യമന്ത്രി പറഞ്ഞത് മുംബൈ ഭീകരാക്രമണത്തിൽ പാക്കിസ്ഥാന് പങ്കുണ്ടെന്നതിന് തങ്ങളുടെ പക്കൽ തെളിവുകളുണ്ടെന്നും പാക്കിസ്ഥാൻ പൗരന്മാരുൾപ്പെട്ടതു സംബന്ധിച്ച തെളിവുകൾ പാക്ക് സർക്കാരിന് കൈമാറിയിട്ടുണ്ടെന്നുമായിരുന്നു. എന്നാൽ പാക്കിസ്ഥാൻ ഇതു നിഷേധിച്ചുപോന്നിരുന്നു. മുംബൈ ആക്രമണം കഴിഞ്ഞ് ഒരുമാസത്തിനുശേഷം, ഇന്റർപോൾ മേധാവിയായ മിസ്റ്റർ നോബൽ പാക്കിസ്ഥാനിൽ വെച്ച് നടത്തിയ ഒരു പത്രസമ്മേളനത്തിൽ വെച്ച്, ഇത്തരമൊരുതെളിവും ഇന്ത്യ പാക്കിസ്ഥാൻ സർക്കാരിനോ ഇന്റർപോളിനോ കൈമാറിയിട്ടില്ല എന്ന് പ്രസ്താവിച്ചു. ഈ വെളിപ്പെടുത്തൽ തീർച്ചയായും ഞെട്ടലുണ്ടാക്കുന്ന ഒന്നാണ്. യഥാർത്ഥത്തിൽ, 40ഓളം സംശയിക്കുന്നവരുടെ ലിസ്റ്റ് പാക്കിസ്ഥാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന വ്യക്തികൾ) പാക്ക് സർക്കാരിന് കൈമാറുകയും അവരെ ഇന്ത്യയിൽ വിചാരണ ചെയ്യാൻ വേണ്ടി വിട്ടുകിട്ടണമെന്നാവശ്യപ്പെടുകയും മാത്രമാണ് ഇന്ത്യാ ഗവെൺമെന്റ് ചെയ്തിരുന്നത്. അതുതന്നെ സംഭവം നടന്ന് 45 ദിവസങ്ങൾക്കുശേഷം സർക്കാർ തയ്യാറാക്കിയതും പാക്കിസ്ഥാനടക്കം മറ്റ് പല രാജ്യങ്ങൾക്കും കൈമാറിയതുമായ ഒരു

POTA നീക്കം ചെയ്യുമെന്ന വാഗ്ദാനം നൽകി അധികാരത്തിലേറിയ UPA സർക്കാർ ആ നിയമത്തെ റദ്ദ് ചെയ്തുവെങ്കിലും 2008ൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം (UAPA) എന്ന പേരിൽ മറ്റൊരു നിയമം തൽസ്ഥാനത്ത് അവരോധിക്കുകയാണ് ചെയ്തത്. സാമൂഹ്യവും രാഷ്ട്രീയവുമായ അടിച്ചമർത്തലുകൾക്കെതിരെ പോരാടുന്നവർക്കും, ദുർബ്ബല വിഭാഗങ്ങൾക്കുമെതിരെയാണ് POTA ഉപയോഗിക്കപ്പെട്ടത് എന്നതുകൊണ്ടാണ് വൻപ്രതിഷേധങ്ങളെ തുടർന്ന് UPA സർക്കാരിന് അത് പിൻവലിക്കേണ്ടിവന്നത്. മിക്കവാറും അതേ വകുപ്പുകൾ തന്നെ നിലനിർത്തിക്കൊണ്ടാണ് UAPA (Unlawful Activities Prevention Act) പാർലമെന്റിൽ ഒരു എതിർപ്പോ ചർച്ചയോ പോലുമില്ലാതെ ഐക്യകണ്ഠേന പാസാക്കപ്പെട്ടത്. POTAയും UAPAയും തമ്മിലുള്ള ഒരേയൊരു വ്യത്യാസം UAPAയിൽ പോലീസ് കസ്റ്റഡിയിൽവെച്ച് രേഖപ്പെടുത്തുന്ന കുറ്റസമ്മതത്തെ അംഗീകരിക്കാൻ കോടതി ബാധ്യസ്ഥമാണ് എന്ന POTA വകുപ്പ് എടുത്തു നീക്കംചെയ്യപ്പെട്ടതാണ്. അതേസമയം ഒരാൾ വിചാരണ ചെയ്യപ്പെട്ട കുറ്റം സ്ഥാപിക്കപ്പെടുന്നതുവരെ നിയമത്തിനുമുമ്പിൽ നിരപരാധിയായി കണക്കാക്കപ്പെടും എന്ന ക്രിമിനൽ നിയമത്തിന്റെ അടിസ്ഥാന പ്രമാണം UAPAയിൽ (POTAയിലേതുപോലെ) ലംഘിക്കപ്പെടുകയാണ്.

ഡോസിയറായിരുന്നു. അതിലേറെ അതിശയിപ്പിക്കുന്ന മറ്റൊരു വസ്തുത, മാധ്യമപ്രതിനിധകൾ മുംബൈ സംഭവത്തെ ഇത്രയേറെ കൊട്ടിഘോഷിക്കുകയും അത് യുദ്ധത്തിനുവേണ്ടിയുള്ള മുറവിളിയാക്കി മാറ്റുകയും ചെയ്തിട്ടും അവരിലൊരാൾ പോലും വിദേശകാര്യമന്ത്രി പ്രണബ് മുഖർജിയോട് നോബൽ പ്രസ്താവനയുടെ വെളിച്ചത്തിൽ ഒരു വിശദീകരണവും ആവശ്യപ്പെട്ടിട്ടില്ല. പാക്കിസ്ഥാൻ സർക്കാരിന് തെളിവുകൾ കൈമാറിയിട്ടുണ്ടെങ്കിൽ ആ ഗവൺമെന്റ് തദനുസൃതമായി ശരിയാംവണ്ണം പ്രവർത്തിക്കുമായിരുന്നോ എന്നതല്ല ഇവിടെ മുഖ്യപ്രശ്നം. നമ്മുടെ രാഷ്ട്രീയക്കാർ ഇത്തരം കാര്യങ്ങളിൽ നടത്തുന്ന നിരുത്തരവാദപരമായ പ്രസ്താവനകളെയും അവകാശങ്ങളെയും മാധ്യമങ്ങൾ ചോദ്യം ചെയ്യാതെ അംഗീകരിക്കുന്നു എന്നതാണ് കാതലായ പ്രശ്നം. ജമാ അത് ഉദ്-ദാവ ലഷ്കർ-തോയ്ബ തുടങ്ങിയ ഭീകര പ്രസ്ഥാനങ്ങൾക്കെതിരെ നടപടിയെടുക്കുന്നുവെന്ന പാക്ക് സർക്കാരിന്റെ അവകാശവാദങ്ങൾ ലോകരാജ്യങ്ങൾക്കുമുമ്പിൽ പൊള്ളയാണെന്ന് തുറന്നുകാട്ടപ്പെട്ടിട്ടുണ്ട്. അതേ പോലെ നമ്മുടെ രാഷ്ട്രീയ പ്രതിനിധികളും ഇത്തരം കപടമായ അവകാശവാദങ്ങൾ ഉന്നയിച്ച് തടിതപ്പാൻ ശ്രമിക്കുമ്പോൾ, അവയെ തുറന്നുകാട്ടാതെ ഭീകരവാദത്തെ ആത്മാർത്ഥതയോടെ നമുക്ക് തടയാനോ എതിർക്കാനോ ആവില്ല.

മേൽപ്പറഞ്ഞ തരത്തിൽ ചോദ്യം ചെയ്യാതെ രാഷ്ട്രീയ നേതൃത്വത്തിന്റെ തീരുമാനങ്ങളെ അംഗീകരിച്ചതുകൊണ്ട് POTA പോലെയുള്ള ഒരു കരിനിയമംകൊണ്ട് ഭീകരപ്രവർത്തനത്തെ തടയാനാകും എന്ന വാദഗതി അടിച്ചേൽപ്പിക്കപ്പെട്ടത്. POTA നീക്കം ചെയ്യുമെന്ന വാഗ്ദാനം നൽകി അധികാരത്തിലേറിയ UPA സർക്കാർ ആ നിയമത്തെ റദ്ദ് ചെയ്തുവെങ്കിലും 2008ൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം (UAPA) എന്ന പേരിൽ മറ്റൊരു നിയമം തൽസ്ഥാനത്ത് അവരോധിക്കുകയാണ് ചെയ്തത്. സാമൂഹ്യവും രാഷ്ട്രീയവുമായ അടിച്ചമർത്തലുകൾക്കെതിരെ പോരാടുന്നവർക്കും, ദുർബ്ബല വിഭാഗങ്ങൾക്കുമെതിരെയാണ് POTA ഉപയോഗിക്കപ്പെട്ടത് എന്നതുകൊണ്ടാണ് വൻപ്രതിഷേധങ്ങളെ തുടർന്ന് UPA സർക്കാ

രിന് അത് പിൻവലിക്കേണ്ടിവന്നത്. മിക്കവാറും അതേ വകുപ്പുകൾ തന്നെ നിലനിർത്തിക്കൊണ്ടാണ് UAPA (Unlawful Activities Prevention Act) പാർലമെന്റിൽ ഒരു എതിർപ്പോ ചർച്ചയോ പോലുമില്ലാതെ ഐക്യകണ്ഠേന പാസാക്കപ്പെട്ടത്. POTAയും UAPAയും തമ്മിലുള്ള ഒരേയൊരു വ്യത്യാസം UAPAയിൽ പോലീസ് കസ്റ്റഡിയിൽവെച്ച് രേഖപ്പെടുത്തുന്ന കുറ്റസമ്മതത്തെ അംഗീകരിക്കാൻ കോടതി ബാധ്യസ്ഥമാണ് എന്ന POTA വകുപ്പ് എടുത്തു നീക്കംചെയ്യപ്പെട്ടതാണ്. അതേസമയം ഒരാൾ വിചാരണ ചെയ്യപ്പെട്ട കുറ്റം സ്ഥാപിക്കപ്പെടുന്നതുവരെ നിയമത്തിനുമുമ്പിൽ നിരപരാധിയായി കണക്കാക്കപ്പെടും എന്ന ക്രിമിനൽ നിയമത്തിന്റെ അടിസ്ഥാന പ്രമാണം UAPAയിൽ (POTAയിലേതുപോലെ) ലംഘിക്കപ്പെടുകയാണ്. ഇവിടെ കുറ്റം ചുമത്തപ്പെട്ടയാൾക്കാണ് നിരപരാധിത്വം തെളിയിക്കാനുള്ള ബാധ്യത. മറിച്ച്, അയാൾ കുറ്റം ചെയ്തുവെന്ന് സ്ഥാപിക്കാനുള്ള ബാധ്യത ഭരണകൂടത്തിനില്ല. കൂടാതെ ജാമ്യമനുവദിക്കുന്നതിനെക്കുറിച്ച് അടുത്തകാലത്തുണ്ടായ ഒരു സുപ്രീം കോടതി മാർഗ്ഗനിർദ്ദേശമാണ് "ജാമ്യമനുവദിക്കൽ പൊതുനിയമവും നിഷേധിക്കൽ അപവാദവുമാണ്" എന്നത്. UAPA പ്രകാരം ചുമത്തപ്പെടുന്നവരുടെ കാര്യത്തിൽ പ്രതി നിരപരാധിയാണെന്ന് പ്രഥമദൃഷ്ട്യാ കോടതിക്ക് ബോധ്യം വരുന്നതുവരെയും ജാമ്യം നിഷേധിക്കാൻ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥ ക്രിമിനൽ നീതിന്യായ സംവിധാനത്തിലെ സ്വാഭാവിക നീതിയുടെ മറ്റൊരു ലംഘനമാണ്. ഭീകര പ്രവർത്തനവുമായി ബന്ധപ്പെട്ട വകുപ്പ് ചേർത്ത് ഏതൊരു വ്യക്തിക്കെതിരെയും കേസ്സെടുക്കാൻ പോലീസിന് സ്വാതന്ത്ര്യം നൽകുന്നു എന്ന് മാത്രമല്ല അതിൽ നിരപരാധിത്വം തെളിയിക്കേണ്ട ബാധ്യത പ്രസ്തുത വ്യക്തിയുടേതായതുകൊണ്ട് ഈ നിയമം ദുർബല വിഭാഗങ്ങളുടെ നീതിക്കുവേണ്ടി നടത്തുന്ന ജനകീയ പോരാട്ടങ്ങളെ തളർത്താനാണെന്ന് വളരെ വ്യക്തമാണ്. എന്തുകൊണ്ടാണ് പോലീസിന് ഇങ്ങനെ അനിയന്ത്രിതമായ അധികാരങ്ങൾ നൽകാൻ 'ഭീകരപ്രവർത്തനങ്ങൾ' ഭരണവർഗ്ഗ രാഷ്ട്രീയക്കാർക്ക് ഒഴിവുകഴിവായിത്തീരുന്നത് എന്ന ചോദ്യം ഒരിക്കലും ഉന്നയിക്കപ്പെടുന്നില്ല. ഒരിക്കലും ഇല്ലാത്ത തെളിവിന്റെ അടിസ്ഥാനത്തിൽ വർഷങ്ങളോളം തടവിൽ കഴിയുകയും പിന്നീട് കോടതി മോചിപ്പിക്കുകയും ചെയ്യുന്ന വ്യക്തികൾ ഏറെയും ദുർബല വിഭാഗത്തിൽപ്പെടുന്നവരോ, മനുഷ്യാവകാശപ്രവർത്തകരോ ആണ്. എന്നാൽ യഥാർത്ഥത്തിൽ ഭീകരപ്രവർത്തനങ്ങൾ നടത്തുന്നവരെ ഇത്തരം കഠിനനിയമങ്ങൾ ഉണ്ടായിട്ടും പിടികൂടാൻ പറ്റുന്നുമില്ല.

എന്തുകൊണ്ടാണ് കരിനിയമങ്ങൾ ഒന്നിനുപുറകെ ഒന്നായി ഭീകരപ്രവർത്തനം തടയാൻ എന്നപേരിൽ കൊണ്ടുവരുന്ന ഭരണാധികാരികളോട് മുൻകാലങ്ങളിൽ അവ ഫലപ്രദമായതു സംബന്ധിച്ച തെളിവുകളോ സ്ഥിതിവിവര കണക്കുകളോ നാം ആവശ്യപ്പെടാത്തത്?. നിയമത്തിന്റെ നടത്തുപ്പുകാർ സ്വാഭാവികമായും സ്വന്തം വീഴ്ചകൾ മറച്ചുവെക്കാൻ വേണ്ടി കൂടുതൽ കരിനിയമങ്ങൾ ആവശ്യപ്പെടുകയും ഫാസിസ്റ്റ് ഭരണവർഗ്ഗങ്ങൾ ഇത്തരം ആവശ്യങ്ങൾ അംഗീകരിക്കുകയും ചെയ്യും. ജനങ്ങൾക്കിടയിൽ വളരുന്ന അസംതൃപ്തിയിൽ നിന്നുളവാകുന്ന പ്രതിഷേധങ്ങളെയും ചെറുത്തുനിൽപ്പ് ശ്രമങ്ങളേയും അടിച്ചമർത്തുന്നതിനുവേണ്ടിയാണ് അവർ അങ്ങിനെ ചെയ്യുന്നത്. പി.യു.സി.എലിന്റെ അഖിലേന്ത്യാ വൈസ് പ്രസിഡണ്ടും ഛത്തിസ്ഗഢ് സംസ്ഥാന സെക്രട്ടറിയുമായ ഡോ. ബിനായ് സെൻ 18 മാസങ്ങളായി ജയിലിൽ അടയ്ക്കപ്പെട്ടിരിക്കുകയാണ്. 25 വർഷക്കാലം ദരിദ്രജനങ്ങളെ സേവിച്ചുകൊണ്ടിരുന്ന അന്താരാഷ്ട്ര തലത്തിൽ ബഹുമതികളും മറ്റും നേടിയിട്ടുള്ള ഈ ഡോക്ടറേയാണ് ഭീകരപ്രവർത്തനത്തിന്റെ വകുപ്പുകൾ ചേർത്ത് ദൗത്യപൂർവ്വം ഛത്തീസ്ഗഢ് സർക്കാർ തടവിൽ ഇട്ടിരിക്കുന്നതും. നിരവധി നോബൽ സമ്മാനജേതാക്കളും സാമൂഹ്യപ്രവർത്തകരും മനുഷ്യാവകാശ പ്രവർത്തകരുമുൾപ്പെടെയുള്ളവർ ഉയർത്തിയ ശക്തമായ പ്രതിഷേധസ്വരങ്ങൾ പോലും വകവെക്കാതെ അദ്ദേഹത്തിന് ജാമ്യംപോലും നിഷേധിച്ചിരിക്കുന്നതും.

ഇത്തരം നിയമങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ അവയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കെതിരാവുകയാണ് ചെയ്യുക. ജനങ്ങളുടെ അസംതൃപ്തിയെ കൂടുതൽ പെരുപ്പിക്കുകയും ജനാധിപത്യാവകാശങ്ങളെ കൂടുതൽ ശക്തിയായി അടിച്ചമർത്തുകയുമാണവ ചെയ്യുക. രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയെയും അവബോധത്തെയും അന്വേഷണ വ്യഗ്രതയേയും ഒരുപോലെ ക്ഷയിപ്പിക്കുകയും മതപുനരുദ്ധനപരത, അസഹിഷ്ണുത എന്നിവയെ തൽസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.

2009 ജനുവരിയിൽ 'ഹിന്ദു' പത്രത്തിൽ പ്രസിദ്ധീകൃതമായ ഒരു ലേഖനത്തിൽ സുപ്രീംകോടതി ജഡ്ജിയായ ജസ്റ്റിസ് മാർക്കണ്ഡേയ് കട്ജു ഇങ്ങിനെ അഭിപ്രായപ്പെടുന്നു: ('ജനാധിപത്യങ്ങിന്റെയും സ്വാതന്ത്രത്തിന്റെയും പ്രാധാന്യം ഇന്ത്യയിൽ' എന്ന ലേഖനം) "നിർദ്ദയമായ കരിനിയമങ്ങൾ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കും. ഭരണഘടനയിലെ 21-ാം ഖണ്ഡിക വാഗ്ദാനം ചെയ്യുന്ന സ്വാതന്ത്ര്യത്തിനുള്ള അവ കലാശിക്കുക. പോലീസിലും മറ്റ് നിയമ നിർവ്വഹണ ഏജൻസികളിലും അഴിമതിയെ പ്രോത്സാഹിപ്പിക്കുകയും സാധാരണ പൗരന്മാരിൽനിന്നും പണം പിടിച്ചുപറിക്കുന്നതിനും അത് ഇടയാക്കുന്നു"

ഭീകര പ്രവർത്തനങ്ങളും മറ്റ് കുറ്റകൃത്യങ്ങളും കരിനിയമങ്ങൾക്കൊണ്ട്

തടയാനാവില്ല. ദാരിദ്ര്യവും തൊഴിലില്ലായ്മയും തുടച്ചുനീക്കുകയാണ് അവ തടയാൻ ഏറ്റവും ഫലപ്രദമായ മാർഗ്ഗം. കുറ്റകൃത്യങ്ങളുടെ മുഖ്യമായ ഉറവിടം ദാരിദ്ര്യവും തൊഴിലില്ലായ്മയുമാണ്.

*(പി.യു.സി.എൽ. ബുള്ളറ്റിൻ 2009 മാർച്ച് ലക്കം)*